കേരളകൗമുദി Online
06 September 2016

# വലയിൽ വീഴാൻ മീനില്ല; ചീനവല കളം വിടുന്നു

പള്ളുരുത്തി: കടലിലും കായലിലും ആവശ്യത്തിനു മീൻ ഇല്ലാതായതോടെ പടിഞ്ഞാറൻ കൊച്ചിയിലെ ചീനവല തൊഴിലാളികൾ കളം വിടുന്നു. കായലുകളിലെ എക്കൽ നീക്കം ചെയ്യാത്തതും ചീനവലകൾക്ക് ഉപയോഗിക്കുന്ന മരത്തിന്റെ കഴകൾ കിട്ടാത്തതും പ്രതിസന്ധിക്ക് ആക്കംകൂട്ടി.

നൂറിൽപരം ചീനവലകൾ ഉണ്ടായിരുന്ന പെരുമ്ബടപ്പ് കുമ്ബളങ്ങിയിലെ ചീനവലകൾ വിരലിലെണ്ണാവുന്നവയായി കുറഞ്ഞു. ഫോർട്ടുകൊച്ചിയിൽ ഉണ്ടായിരുന്ന 25 ഓളം ചീനവലകൾ പത്തിൽ താഴെയായി. ഇവിടെ മരത്തിന്റെ കഴകൾ കിട്ടാത്തതിനെ തുടർന്ന് പലരും ഇരുമ്ബിന്റെ കഴകളാണ് തീർത്തിരിക്കുന്നത്. ഒരു ചീനവലയിൽ പത്തോളം തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. രാവിലെ മുതൽ വൈകിട്ട് വരെ വല വലിച്ചാൽ കിട്ടുന്ന മൽസ്യം വില്പന നടത്തിയാൽ ചായക്കാശ് പോലും കിട്ടാറില്ലെന്നാണ് തൊഴിലാളികൾ പറയുന്നത്.

അതിനാൽ കിട്ടുന്ന മൽസ്യം ഇവർ തന്നെ കറിക്കായി വീടുകളിലേക്ക് കൊണ്ടുപോകാറാണ് പതിവ്. വിദേശികൾക്ക് ഹരമായ ചീനവല ഇപ്പോൾ ഫോർട്ടുകൊച്ചിയുടെയും കുമ്ബളങ്ങിയുടെയും പൈതൃകം നിലനിറുത്താൻ വേണ്ടിമാത്രമായി ഒതുങ്ങി.

ഒരു ചീനവല നിർമ്മാണത്തിനായി ലക്ഷങ്ങളാണ് ചെലവുവരുന്നത്. പലരും ബാങ്കുകളിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും കൊള്ളപ്പലിശയ്ക്ക് പണം വായ്പ എടുത്താണ് ചീനവല നിർമ്മാണം പൂർത്തിയാക്കുന്നത്. ലഭിക്കുന്ന മീൻ,ചെമ്മീൻ എന്നിവയ്ക്ക് വില കിട്ടാത്തതും ഇവരെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. പലരുടെയും ലോണുകൾ മുടങ്ങിയിരിക്കുന്നതിനാൽ ജപ്തി ഭീഷണിയിലാണ്. ഫോർട്ടുകൊച്ചി ബീച്ചിൽ മാലിന്യം അടിഞ്ഞു കൂടുന്നതും കര ഇല്ലാതായതും ഇവിടത്തെ തൊഴിലാളികൾക്ക് കൂടുതൽ പ്രതിസന്ധിയായി. സർക്കാർ മുൻകൈ എടുത്ത് പരമ്ബരാഗത മൽസ്യത്തൊഴിലാളികളുടെ ദുരിതത്തിന് അറുതി വരുത്തണമെന്നാണ് ആവശ്യം. എന്നാൽ പൈതൃക നഗരിയായ ഫോർട്ടുകൊച്ചിയിലെ ചീനവലകൾ സംരക്ഷിക്കാൻ സർക്കാരിനോട് ജനപ്രതിനിധികൾ സമ്മർദ്ദം ചെലുത്തിയെങ്കിലും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഓണ സീസണിൽ ഫോർട്ടുകൊച്ചിയിൽ എത്തുന്ന വിദേശികളെ സംഘടിപ്പിച്ച് ചീനവല വലിക്കൽ മൽസരവും ഓരോ വർഷവും നടത്തിവരുന്നുണ്ട്. ചീനവലകളും സന്ധ്യ സമയത്തെ അസ്തമയവും ചീനവലകളിൽ നിന്നു ലഭിക്കുന്ന പെടയ്ക്കണ മീൻ ചുടോടെ ഭക്ഷിക്കുന്നതും മറ്റും വിദേശികൾക്ക് ഹരവും കൗതുകവുമാണ്. ഇവരെ മാത്രം ലക്ഷ്യംവച്ചാണ് ശേഷിക്കുന്ന ചീനവലകൾ സംരക്ഷിച്ചുവരുന്നത്.